പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 307 10/06/2013-ൽ മറുപടിക്ക്

## വടകരയിലെ പട്ടികവർഗ്ഗ വിദ്യാർത്ഥി ഹോസ്റ്റലിന്റെ കെട്ടിട നിർമ്മാണം

ചോദ്യം മറുപടി

ശ്രീ. സി.കെ.നാണു : കുമാരി .പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും
മൃഗശാലകളും വകുപ്പു മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| വടകരയിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഹോസ്റ്റലിന്റെ അപര്യാപ്തതകൾ പരിഹരിയ്ക്കുവാൻ ഹോസ്റ്റലിന്റെ സമീപത്തുള്ള സർക്കാർ സ്ഥലത്ത് കെട്ടിടം നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ ? | വടകര പ്രീമെട്രിക് ഹോസ്റ്റലിന് കെട്ടിടം നിർമ്മിക്കുന്നതിന് കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ റി.സ.50/1-ൽപ്പെട്ട 30 സെന്റ് സ്ഥലമാണ് കണ്ടെത്തിയിട്ടുള്ളത്. ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ടി സ്ഥലം പട്ടിക വർഗ്ഗ വികസന വകുപ്പിന് കൈമാറി കിട്ടുന്നതിനായി റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ഥലം പട്ടിക വർഗ്ഗ വികസന വകുപ്പിന് ലഭിക്കുന്ന മുറയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ